ഹരിത സ്റ്റാളുകളിലേയും ഹോർട്ടികൾച്ചറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫീസുകളിലേയും നിയമനം

137 (1192) ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹരിത സ്റ്റാളുകളിലും ഹോർട്ടികൾച്ചറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫീസുകളിലും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര ; തസ്തിക തിരിച്ച് വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) ഈ നിയമനങ്ങളിൽ സംവരണതത്വം പാലിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 33 തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്. തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	തസ്തികയുടെ പേര്	എണ്ണം
1	റീജിയണൽ മാനേജർ	4
2	അക്കൗണ്ട്സ് ഓഫീസർ	4
3	സ്റ്റോഴ്സ് ഓഫീസർ	1
4	അസിസ്റ്റന്റ് മാനേജർ	11
5	മാനേജ്മെന്റ് ട്രയിനി	12
6	ഫൈനാൻസ് ഓഫീസർ	1
	ആകെ	33

(സി&ഡി) സംവരണതത്വം പാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly